ACHARYA

An influential mentor

# Monthly Current Affairs Malayalam

## March 2022

www.acharyainfo.com

# GS 1

## സ്ത്രീകളുടെ സാമ്പത്തിക-സ്വാശ്രയത്വം യാഥാർഥ്യമാകണം, 'ബിസിനസ്സ് ലൈൻ' പത്രത്തിലെ ലേഖനത്തെ അടിസ്ഥാനമാക്കിയ നോട്ട്

ലിംഗ-സമത്വം നടപ്പാക്കാനായുള്ള ശ്രമങ്ങൾ ലോകത്ത് നടന്നുകൊണ്ടിരിക്കുമ്പോഴും ലിംഗ-അസമത്വങ്ങൾ പലതരത്തിൽ ഇന്ന് ലോകത്തിൽ നിലനിൽക്കുകയാണ്. സ്ത്രീശാക്തീകരണം അർത്ഥവത്തായി നടപ്പിലാക്കണമെങ്കിൽ സ്ത്രീകളുടെ സാമ്പത്തിക-സ്വാശ്രയത്വം അനിവാര്യമായ ഒന്നാണ്. ലിംഗ-അസമത്വം കുറക്കുന്നതിന് സ്ത്രീകളുടെ സാമ്പത്തിക സ്വാശ്രയത്വം വലിയതോതിൽ സഹായിക്കും. പക്ഷെ കണക്കുകൾ പ്രകാരം ലോകത്തെ 35 ശതമാനത്തോളം സ്ത്രീകൾ സാമ്പത്തികമായി ആശ്രിതരാണ് അഥവാ ഔപചാരിക സാമ്പത്തവ്യവസ്ഥയുടെ ഭാഗമാകാത്തവരാണ്.

### കാരണങ്ങൾ

- വിദ്യാഭ്യാസത്തിന്റെ കുറവ്: വിദ്യാഭ്യാസത്തിന്റെ കുറവ് സ്ത്രീകളെ ഔപചാരിക സാമ്പത്തവ്യവസ്ഥയുടെ ഭാഗമാകുന്നതിന് പ്രധാന തടസമായി നിൽക്കുന്നു. ഔപചാരിക സാമ്പത്തവ്യവസ്ഥയുടെ ഭാഗമായുള്ള ബാങ്കിങ് ഉൾപ്പെടെയുള്ള സേവനങ്ങൾ മനസിലാക്കാനും ഉപയോഗിക്കാനും അടിസ്ഥാനവിദ്യാഭ്യാസം ആവശ്യമാണ്.
- നേരത്തെയുള്ള വിവാഹം: സാമ്പത്തികമായി സ്വാശ്രയത്വം നേടുന്നതിന് മുൻപേ വിവാഹിതരാകുന്നത് സ്ത്രീകളെ ഔപചാരിക സമ്പത്ത്വ്യവസ്ഥയുടെ ഭാഗമാക്കുന്നതിന് മറ്റൊരു പ്രധാന തടസ്സമാണ്. വിവാഹത്തിന് ശേഷം അമ്മയാകുകയുംകൂടി ചെയ്യുന്നതോടെ സാമ്പത്തികമായി പൂർണ്ണമായും ഭർത്താവിനെ ആശ്രയിക്കേണ്ടതായി വരുന്നു.
- ഇന്ത്യ ഉൾപ്പെടെയുള്ള പല വികസ്വര രാജ്യങ്ങളിലും സ്ത്രീകൾക്ക് ആവശ്യമായ തിരിച്ചറിയൽ രേഖകൾ ഇല്ലാത്ത സാഹചര്യം ഉണ്ട്. ഔപചാരിക സാമ്പത്തിക സേവനങ്ങൾ ലഭ്യമാകുന്നതിന് ഇത് സ്ത്രീകൾക്ക് പ്രധാന തടസ്സമായി മാറുന്നു.
- ഇന്ത്യ ഉൾപ്പെടെയുള്ള പല രാജ്യങ്ങളിലും പുരുഷകേന്ദ്രീകൃത വ്യവസ്ഥ നിലനിൽക്കുന്നതുകൊണ്ടുതന്നെ സ്ത്രീകളുടെ പേരിൽ പലപ്പോഴും സ്വത്തുക്കൾ ഇല്ലാതാകുന്നു.

ACHARYA
An influential mentor

# GS 2

## 'ക്വാഡ്' യോഗവും തീരുമാനങ്ങളും

യുക്രൈൻ വിഷയത്തിൽ അന്താരാഷ്ട്ര സമൂഹം രണ്ടു തട്ടിൽ നിൽക്കുന്ന സാഹചര്യമാണ്. 'ക്വാഡ്' അംഗങ്ങളുടെ നിലപാടുകൾ പരിശോധിക്കുകയാണെങ്കിൽ ആകെയുള്ള നാല് അംഗങ്ങളിൽ ആസ്ത്രേലിയയും അമേരിക്കയും ജപ്പാനും റഷ്യക്കെതിരെ ശക്തമായി പ്രതികരിക്കുകയുണ്ടായപ്പോൾ ഇന്ത്യ നിഷ്പക്ഷ നിലപാടാണ് എടുത്തത്. ഐക്യരാഷ്ട്ര സഭയിൽ നടന്ന വോട്ടെടുപ്പിൽ നിന്നും ഇന്ത്യ വിട്ടുനിൽക്കുകയും ചെയ്തിരുന്നു. ഈ സാഹചര്യത്തിലാണ് 'ക്വാഡ്' യോഗം നടന്നത്. യോഗത്തിൽ യുക്രൈൻ വിഷയത്തിലെ അംഗരാജ്യങ്ങളുടെ അഭിപ്രായവ്യത്യാസങ്ങൾ മാറ്റിവെക്കാൻ തയ്യാറായി.

### പ്രധാന തീരുമാനങ്ങൾ

- യുക്രൈൻ വിഷയത്തിൽ ശക്തമായ പ്രതികരണം ഉണ്ടായില്ല.
- ഇൻഡോ-പസഫിക് മേഖലയിൽ ശ്രദ്ധ കേന്ദ്രീകരിച്ചു. പുതിയ ഹ്യുമാനിറ്റേറിയൻ അസ്സിസ്റ്റൻസ് ആൻഡ് ഡിസാസ്റ്റർ റിലീഫ് സംവിധാനം രൂപീകരിക്കും. ഇൻഡോ-പസഫിക് മേഖലയിൽ ഭാവിയിൽ ഹ്യുമാനിറ്റേറിയൻ പ്രശ്നങ്ങൾ ഉണ്ടാകുന്ന സാഹചര്യത്തിൽ അവയെ നേരിടാൻ 'ക്വാഡ്'നെ ഇത് സഹായിക്കും.

ACHARYA
A confidential mentor

### യോഗം നൽകുന്ന സൂചനകൾ

- യുക്രൈൻ വിഷയത്തിൽ ഇന്ത്യ ഒഴികെയുള്ള അംഗരാജ്യങ്ങൾ റഷ്യക്കെതിരെ ശക്തമായ നിലപാടെടുക്കുകയും ഇന്ത്യ നിഷ്പക്ഷ നിലപാട് മാത്രം സ്വീകരിക്കുകയും ചെയ്ത സാഹചര്യത്തിലും യോഗം മനപ്പൂർവ്വം ഈ അഭിപ്രായവ്യത്യാസം മാറ്റിവെക്കുകയും ഇൻഡോ-പസഫിക് മേഖലയിൽ ശ്രദ്ധ കേന്ദ്രീകരിക്കുകയും ചെയ്തു. 'ക്വാഡ്'നെ സംബന്ധിച്ചിടത്തോളം തങ്ങളുടെ ആശയവും ലക്ഷ്യവും വ്യക്തവും ശക്തവുമാണെന്ന സൂചന ഇത് അന്താരാഷ്ട്ര സമൂഹത്തിന് നൽകുന്നു.
- യുക്രൈൻ വിഷയത്തിൽ ഇന്ത്യ ഒഴികെയുള്ള അംഗരാജ്യങ്ങൾ റഷ്യക്കെതിരെ ശക്തമായ നിലപാടെടുത്തിട്ടും യോഗത്തി റഷ്യക്കെതിരെ ശക്തമായ പ്രതികരണം ഇല്ലാതായത് വിഷയത്തിൽ ഇന്ത്യയുടെ നിലപാടിനുള്ള അംഗീകാരമായും കാണാം.
- യുക്രൈൻ വിഷയത്തിലെ അഭിപ്രായവ്യത്യസം നിലനിൽക്കുമ്പോഴും ക്വാഡ് അംഗങ്ങൾ കാണിച്ച ഐക്യം ഇൻഡോ-പസഫിക് മേഖലയിലെ ചൈനയുടെ വെല്ലുവിളിക്കെതിരെയുള്ള അംഗരാജ്യങ്ങളുടെ പൊതുവായ നിലപാട് ശക്തമാക്കുന്നു.

- ആശയപരമായ കാര്യത്തിൽ അംഗരാജ്യങ്ങൾ ശക്തമായി ഒരുമിച്ചു നിൽക്കുമ്പോഴും വ്യക്തമായ കർമ്മപദ്ധതികൾ അവതരിക്കപ്പെട്ടില്ല.

## റഷ്യ-യുക്രൈൻ യുദ്ധം അന്താരാഷ്ട്രത്തലത്തിൽ ഉണ്ടാക്കുന്ന ഫലങ്ങൾ

- റഷ്യ-യുക്രൈൻ യുദ്ധം അന്താരാഷ്ട്ര തലത്തിൽ പലതരത്തിലുള്ള പ്രശ്നങ്ങൾ സൃഷ്ടിക്കപ്പെടുന്നുണ്ട്. എണ്ണ വിപണിയിലും കാർഷിക മേഖലയിലും വരെ ഇതിന്റെ അനന്തര ഫലങ്ങൾ കാണാനാകും.
- റഷ്യ ലോകത്തിലെ ഏറ്റവും വലിയ മൂന്നാമത്തെ എണ്ണ കയറ്റുമതി രാജ്യം മാത്രമല്ല ലോകത്തിലെ ഏറ്റവും വലിയ രണ്ടാമത്തെ പ്രകൃതി വാതക ഉല്പാദന രാജ്യം കൂടിയാണ്. യുദ്ധവും ഉപരോധവും എണ്ണ വിപണിയിൽ വലിയ ചലനങ്ങൾ സൃഷ്ടിക്കുകയും എണ്ണ വില ഉയരാൻ ഇടയാക്കുകയും ചെയ്യും.
- റഷ്യ ലോകത്തിലെ ഏറ്റവും വലിയ രണ്ടാമത്തെ ഗോതമ്പ് കയറ്റുമതി രാജ്യമാണ്. മാത്രമല്ല ഗോതമ്പ് കയറ്റി അയക്കുന്നതിൽ നാലാം സ്ഥാനത്താണ് യുക്രൈൻ. യുദ്ധം അന്താരാഷ്ട്ര വിപണിയിൽ ഗോതമ്പ് വില വർദ്ധിക്കാൻ ഇടയാക്കും. ഇത് ദരിദ്ര രാഷ്ട്രങ്ങളെ ഏറെ ദോഷകരമായി ബാധിക്കും.
- ലോകത്തിൽ ഏറ്റവും കൂടുതൽ സൺഫ്ളവർ ഓയിൽ കയറ്റി അയക്കുന്ന രണ്ടു രാജ്യങ്ങളാണ് റഷ്യയും യുക്രൈനും. അന്താരാഷ്ട്ര വിപണിയിലെ സൺഫ്ളവറിന്റെ ലഭ്യതയെയും വിലയേയും യുദ്ധം ദോഷകരമായി ബാധിക്കും.
- റഷ്യൻ ബാങ്കുകൾക്ക് നേരെയുള്ള ഉപരോധങ്ങൾ അന്താരാഷ്ട്രത്തലത്തിലുള്ള പല സാമ്പത്തിക ഇടപാടുകളെയും ഒപ്പം വിതരണശ്രിംഖലയെയും ബാധിച്ചേക്കും.

## റഷ്യ-യുക്രൈൻ യുദ്ധം ഇന്ത്യക്ക് മേലുണ്ടാക്കുന്ന ഫലങ്ങൾ

- റഷ്യ-യുക്രൈൻ യുദ്ധം ഇന്ത്യക്ക് മേലുണ്ടാക്കുന്ന ഏറ്റവും ശക്തമായ അനന്തരഫലം എന്നത് അന്താരാഷ്ട്ര വിപണിയിൽ ഉണ്ടാകുന്ന എണ്ണ വിലക്കയറ്റം ഇന്ത്യയിൽ ഉണ്ടാക്കിയേക്കാവുന്ന അവശ്യസാധനങ്ങളുടെ വിലക്കയറ്റം ആയിരിക്കും. രാജ്യത്ത് ആവശ്യസാധനങ്ങൾക്കുൾപ്പെടെ വലിയ രീതിയിലുള്ള വിലക്കയറ്റത്തിന് യുദ്ധം ഇടയാക്കിയേക്കും.
- കോവിഡ് ഉണ്ടാക്കിയ സാമ്പത്തിക പ്രതിസന്ധിയിൽ നിന്നും കരകയറാനുള്ള രാജ്യത്തിൻറെ ശ്രമത്തെ വിലക്കയറ്റം ദോഷകരമായി ബാധിക്കും.
- ആവശ്യത്തിലധികം ഗോതമ്പ് ഉല്പാദിപ്പിക്കുന്ന രാജ്യമാണ് ഇന്ത്യ. അതുകൊണ്ടുതന്നെ അന്താരാഷ്ട്ര വിപണിയിൽ ഗോതമ്പിന് ഉണ്ടാകുന്ന വർധിച്ച ആവശ്യകത രാജ്യത്തിൻറെ ഗോതമ്പ് കയറ്റുമതിയിൽ വർദ്ധനവ് ഉണ്ടാക്കും.
- ഗോതമ്പ് കയറ്റുമതിയിൽ ഉണ്ടാകുന്ന വർദ്ധിച്ച കയറ്റുമതി രാജ്യത്തെ സർക്കാരിന്റെ ഗോതമ്പ് സംഭരണത്തെ ബാധിക്കും. ഇത്

പൊതുവിതരണ സമ്പ്രദായം വഴിയുള്ള ഗോതമ്പ് വിതരണത്തെ ദോഷകരമായി ബാധിച്ചേക്കാം.

# നഗരവികസനം: നടപ്പാക്കൽ പാളുന്നു. 'ബിസിനസ്സ് ലൈൻ' പത്രത്തിലെ ലേഖനത്തെ അടിസ്ഥാനമാക്കിയ നോട്ട്

കഴിഞ്ഞ കുറച്ചു വർഷങ്ങളായി നഗരവികസന മന്ത്രാലയത്തിനായുള്ള ബജറ്റ് വിഹിതം വർദ്ധിക്കുന്നുണ്ടെങ്കിലും നഗരപ്രദേശങ്ങളിൽ അതിന്റെ ഗുണം കാര്യമായി കാണാനാവുന്നില്ല. പദ്ധതികൾ നടപ്പാക്കുന്നതിലെ വീഴ്ചകളും നഗരഭരണ സംവിധാനങ്ങളുടെ സാമ്പത്തിക-സാങ്കേതിക സ്രോതസ്സുകളുടെ കുറവും ഇതിന് പ്രധാന കാരണങ്ങളാണ്.

നഗരവികസന മന്ത്രാലയത്തിനായി ചെലവടിസ്ഥാനത്തിൽ 2022-23 ബജറ്റിൽ വകയിരുത്തിയിരിക്കുന്നത് 76,549 കോടി രൂപയാണ്. ഇത് 2021 -22 ലെ റിവൈസ്ഡ് എസ്റ്റിമേറ്റിനെക്കാൾ 4 % കൂടുതലാണ്. ഏറ്റവും കൂടുതൽ വകയിരുത്തിയിരിക്കുന്നത് 'പ്രധാനമന്ത്രി ആവാസ് യോജന (നഗരം)' പദ്ധതിക്കാണ്. വകയിരുത്തലിന്റെ 31 ശതമാനം മെട്രോ റെയിൽ പദ്ധതികൾക്കും 9 ശതമാനം 'സ്മാർട്ട് സിറ്റി' പദ്ധതിക്കും ആണ്.

ACHARYA
An influential mentor

## 'പ്രധാനമന്ത്രി ആവാസ് യോജന' പദ്ധതി നടത്തിപ്പിലെ പ്രശ്നങ്ങൾ

- പദ്ധതി പൂർത്തീകരിക്കപ്പെട്ടിട്ടില്ല എന്ന് മാത്രമല്ല പദ്ധതിയുടെ പ്രധാന ഗുണഭോക്താക്കളിലേക്ക് അതിന്റെ ഗുണം എത്തിക്കാനും സാധിച്ചിട്ടില്ലെന്ന് പാർലിമെന്ററി സ്റ്റാന്റിംഗ് കമ്മറ്റിയുടെ വിവരങ്ങൾ സൂചിപ്പിക്കുന്നു. 2022 ആകുമ്പോഴേക്കും എല്ലാവർക്കും വീട് എന്നതായിരുന്നു പദ്ധതിയുടെ ലക്ഷ്യം. 2012 ൽ നഗരങ്ങളിൽ ഏകദേശം 1.9 കോടി വീടുകളുടെ കുറവാണ് ഉണ്ടായിരുന്നത്. 2022 ഫെബ്രുവരി മാസം വരെ 1.14 കോടി വീടുകളുടെ നിർമ്മാണം പദ്ധതിപ്രകാരം അംഗീകരിക്കപ്പെട്ടെങ്കിലും അതിന്റെ 48 % മാത്രമാണ് പൂർത്തീകരിക്കാനായത്.

- 2012 ലെ കണക്കുകൾ പ്രകാരം 'എക്കണോമിക്കലി വീക്കർ സെക്ഷൻ', 'ലോ ഇൻകം ഗ്രൂപ്പ്' എന്നീ വിഭാഗങ്ങളിൽപെട്ടവരാണ് രാജ്യത്തെ മൊത്തം വീടില്ലാത്തവരിൽ 96 % പേരും. എന്നാൽ പാർലിമെന്ററി സ്റ്റാന്റിംഗ് കമ്മറ്റിയുടെ കണ്ടെത്തൽ പ്രകാരം പദ്ധതിയുടെ ഗുണം ലഭിച്ചവരിൽ ഭൂരിഭാഗം പേരും 'മിഡിൽ ഇൻകം'

വിഭാഗത്തിൽപ്പെട്ടവരാണ്. പദ്ധതിയുടെ ഗുണം അതിന്റെ പ്രധാന ഗുണഭോക്താക്കൾക്ക് ലഭിക്കുന്നത് കുറവാണെന്ന് ഇത് ചൂണ്ടിക്കാണിക്കുന്നു.

## നഗര-ഗതാഗതവുമായി ബന്ധപ്പെട്ട പദ്ധതികളിലെ പ്രശ്നങ്ങൾ

കഴിഞ്ഞ കുറച്ചു വര്ഷങ്ങളായി മെട്രോ-റെയിൽ പദ്ധതികൾക്ക് വലിയ തുകയാണ് വകയിരുത്തപ്പെടുന്നത്. 2020-21 ലെ സി.എ.ജി റിപ്പോർട്ട് പ്രകാരം 2019-20 വർഷത്തിൽ ഡൽഹി മെട്രോയിലെ യാത്രക്കാരുടെ എണ്ണം 53 ലക്ഷമാണ് പ്രതീക്ഷിച്ചിരുന്നത്. എന്നാൽ അതെ വർഷം 28 ലക്ഷം യാത്രക്കാരണ് യഥാർത്ഥത്തിൽ ഡൽഹി മെട്രോയിൽ യാത്രചെയ്യപ്പെട്ടത്. ഡൽഹി മെട്രോയുടെ പ്രവർത്തനച്ചെലവ് വലിയതോതിൽ വർധിച്ചു വരുന്നതായും റിപ്പോർട്ട് ചൂണ്ടിക്കാണിക്കുന്നു.

## സ്മാർട്ട് സിറ്റി പദ്ധതിയിലെ വീഴ്ചകൾ

അഞ്ചു വര്ഷംകൊണ്ട് മികച്ച അടിസ്ഥാന സൗകര്യങ്ങളോടു കൂടിയ 100 നഗരങ്ങൾ ഉണ്ടാക്കിയെടുക്കുക എന്ന ലക്ഷ്യത്തോടെ 2015 ൽ ആണ് 'സ്മാർട്ട് സിറ്റി' പദ്ധതി ആരംഭിച്ചത്. 2022-23 ബജറ്റിൽ പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നത് 6,800 കോടി രൂപയാണ്. 2022 ഫെബ്രുവരി മാസം വരെ 5,151 പ്രൊജെക്ടുകൾക്ക് പദ്ധതിപ്രകാരം അംഗീകാരം ലഭിച്ചെങ്കിലും നടപ്പാക്കാനായത് ഇതിന്റെ 67 ശതമാനം മാത്രമാണ്.

## അർബൻ ലോക്കൽ ബോഡികളുടെ പ്രശ്നം

രാജ്യത്തെ 'അർബൻ ലോക്കൽ ബോഡി'കൾ വലിയതോതിൽ സാമ്പത്തിക-സാങ്കേതിക സ്രോതസുകളുടെ അഭാവം നേരിടുകയാണെന്ന് റിപ്പോർട്ടുകൾ ചൂണ്ടികാണിക്കുന്നു. രാജ്യത്തെ മുൻസിപ്പൽ റവന്യു എന്നത് ജി.ഡി.പി'യുടെ 1 % മാത്രമാണ്.

# എണ്ണവില വർദ്ധനവും ഇന്ത്യൻ സമ്പത്ത് വ്യവസ്ഥയും

റഷ്യ-യുക്രൈൻ യുദ്ധം തുടരുന്ന സാഹചര്യം ഇന്ത്യയുടെ സമ്പത്ത് വ്യവസ്ഥയെ ഏറ്റവും കൂടുതൽ ബാധിക്കുക എണ്ണ വിലവർദ്ധനവിന്റെ രൂപത്തിൽ ആയിരിക്കും. എണ്ണവിലയിൽ ഉണ്ടാകുന്ന വർദ്ധനവ് രാജ്യത്ത് അവശ്യവസ്തുക്കളുടെ വിലകയറ്റത്തിലേക്കും നയിക്കുന്ന

സാഹചര്യമുണ്ടാകും. നിലവിലെ ആഗോളസാഹചര്യത്തിൽ എണ്ണവില വില വർദ്ധനവിനെ സ്വാധീനിക്കുക പല ഘടകങ്ങൾ ആയിരിക്കും അവ:

- യുദ്ധം എത്രത്തോളം നീളുന്നു എന്നതാണ് ഏറ്റവും പ്രധാനപ്പെട്ട വിഷയം. യുദ്ധം നീളുംതോറും അത് ആഗോള തലത്തിൽ എണ്ണ വിതരണത്തെ ദോഷകരമായി ബാധിക്കുന്ന സാഹചര്യമുണ്ടാകും.
- എണ്ണയുടെ സ്ട്രാറ്റജിക് റിസർവ്വ് എത്രത്തോളം ഉപയോഗിക്കാൻ സാധിക്കും.
- ഇറാൻ-ആണവകരാർ - കരാർ ഒപ്പുവെക്കാനായാൽ വിപണിയിലേക്ക് ഇറാനിൽ നിന്നുള്ള എണ്ണ എത്തിയേക്കാം.
- അമേരിക്കയിൽ നിന്നുള്ള എണ്ണ വിതരണം. - ലോകത്തിലെ ഏറ്റവും വലിയ എണ്ണ ഉല്പാദന രാജ്യമായി ഇന്ന് അമേരിക്ക മാറുകയാണ്. ഈ സാഹചര്യത്തിൽ അന്താരാഷ്ട്ര വിപണിയിൽ എണ്ണ ലഭ്യതയിൽ ഉണ്ടാകുന്ന കുറവ് നികത്താൻ അമേരിക്കക്ക് സാധിക്കും.
- സൗദിയിൽ നിന്നുള്ള എണ്ണ വിതരണം - കൂടുതൽ എണ്ണ ഉല്പാദിപ്പിച്ച് വിപണിയിലിറക്കാൻ സൗദിക്ക് മേൽ സമ്മർദ്ദം ചെലുത്താൻ അമേരിക്കക്ക് സാധിച്ചേക്കും.
- ചൈനയോടുള്ള ആശ്രിതത്വം - രാജ്യത്ത് ഹരിത ഇന്ധനം ഉപയോഗിക്കാനാവശ്യമായ പല ഘടകങ്ങളും ചൈനയിൽ നിന്നും ഇറക്കുമതി ചെയ്യണ്ട സാഹചര്യമാണ്. വിഷയത്തിൽ ചൈനയുടെ ശക്തമായ പിടി ഹരിത ഇന്ധന ഉല്പാദനത്തെ ബാധിക്കുന്നുണ്ട്.

## ഇന്ത്യ ചെയ്യേണ്ടത്

- രാജ്യത്തിൻറെ സ്ട്രാറ്റജിക് റിസർവ്വ് ഉയർത്തുക.
- ഹരിത ഇന്ധന ഉല്പാദനത്തിനാവശ്യമായ ഘടകങ്ങൾക്ക് ചൈനയെ ആശ്രയിക്കുന്നത് കുറക്കണം.
- എണ്ണ ഇറക്കുമതി സ്രോതസ്സുകൾ വിപുലമാക്കുക.
- ട്രാൻസ്-നാഷണൽ വാതകപൈപ്പലൈനുമായി ബന്ധപ്പെട്ട് ഇറാനുമായും തുർക്ക്മെനിസ്ഥാനുമായും ചർച്ചകൾ നടത്തുക.

# ഊർജ്ജസുരക്ഷിതത്വത്തിൽ പ്രകൃതിവാതകത്തിന്റെ പങ്ക് വർദ്ധിപ്പിക്കണം, 'ബിസിനസ് ലൈൻ' പത്രത്തിലെ ലേഖനത്തെ അടിസ്ഥാനമാക്കിയ നോട്ട്

അന്താരാഷ്ട്ര തലത്തിൽ എണ്ണ വിലയിൽ ഉണ്ടാകുന്ന വർദ്ധനവ് ഇന്ത്യയെ സംബന്ധിച്ചിടത്തോളം സാമ്പത്തികപരമായി ഏറെ ബുദ്ധിമുട്ടിക്കുന്നു എന്ന് മാത്രമല്ല ജിയോപോളിറ്റിക്കലി രാജ്യത്തിന്റെ ദൗർബല്യം

വർദ്ധിപ്പിക്കുകയും ചെയ്യുന്നു. എണ്ണ ഇറക്കുമതിക്കായി ഇന്ത്യ ഒരുപാട് ആശ്രയിക്കാത്ത രാജ്യമാണ് റഷ്യ എന്നിരുന്നിട്ടും റഷ്യ-യുക്രൈൻ യുദ്ധം അന്താരാഷ്ട്ര വിപണിയിൽ എണ്ണക്കുണ്ടാകുന്ന വിലക്കയറ്റം ഇന്ത്യയെയും ഏറെ ദോഷകരമായി ബാധിക്കുന്ന സാഹചര്യമാണുള്ളത്.

## അന്താരാഷ്ട്ര തലത്തിൽ ഉണ്ടാകുന്ന ഇത്തരം അനിശ്ചിതത്വങ്ങളെ ഇന്ത്യ എങ്ങനെ നേരിടണം?

- അസംസ്കൃത എണ്ണയുടെ കാര്യത്തിൽ ഇറക്കുമതി പരമാവധി കുറക്കുയും ഒപ്പം ഇറക്കുമതി സ്രോതസ്സുകൾ വിപുലപ്പെടുത്തുകയുമാണ് ഇത്തരം ആഗോള വെല്ലുവിളികളെ നേരിടാൻ ഇന്ത്യ ചെയ്യേണ്ടത്. ഇറക്കുമതിയെ ആശ്രയിക്കുന്നത് കുറക്കാൻ ആഭ്യന്തര ഉല്പാദനം പരമാവധി വർദ്ധിപ്പിക്കേണ്ടതുണ്ട്. എണ്ണ ഇറക്കുമതി പരമാവധി കുറയ്ക്കാനായി പെട്രോളിയം,പ്രകൃതിവാതക മന്ത്രാലയം മറ്റു വിവിധ മന്ത്രാലയങ്ങളുമായും ഡിപ്പാർട്മെന്റുകളുമായും ചേർന്ന് സഹകരിച്ചു പ്രവർത്തിച്ചു വരികയാണ്. ആഭ്യന്തര ഉല്പാദനം വർധിപ്പിക്കാൻ ശ്രമിക്കുന്ന സാഹചര്യത്തിൽ സർക്കാരിന്റെ വലിയ ശ്രദ്ധ ഹരിത ഇന്ധനത്തിൽ ആണ്. ഈ സാഹചര്യത്തിൽ പ്രകൃതിവാതകത്തിന്റെ പ്രാധാന്യം തിരിച്ചറിയേണ്ടതുണ്ട്.

ACHARYA
An influential mentor

- പെട്രോളിയം, പ്രകൃതിവാതക മന്ത്രാലയത്തിന്റെ കണക്കുകൾ പ്രകാരം 2030 ആകുമ്പോഴേക്കും രാജ്യത്തെ മൊത്തം ഇന്ധന ഉപഭോഗത്തിൽ 15 ശതമാനവും പ്രകൃതി വാതകം ആയിരിക്കും. പ്രകൃതിവാതകത്തിന്റെ ആഭ്യന്തര ഉല്പാദനം വർദ്ധിപ്പിച്ചും ഇറക്കുമതിസ്രോതസ്സുകൾ വർദ്ധിപ്പിച്ചും ഇത് കൈവരിക്കുമെന്നാണ് ലക്ഷ്യം വെക്കുന്നത്.

- നിലവിൽ ദ്രവീകൃത-പ്രകൃതിവാതകത്തിന്റെ ഇറക്കുമതി 'ഓപ്പൺ ജനറൽ ലൈസൻസിങ്' വിഭാഗത്തിൽ ഉൾപ്പെടുന്നതാണ്. കൂടാതെ ദ്രവീകൃത-പ്രകൃതിവാതകത്തിന്റെനിർമ്മാണവും വിതരണവുമായി ബന്ധപ്പെട്ട അടിസ്ഥാനസൗകര്യ നിർമ്മാണത്തിലും ടെർമിനൽ സ്ഥാപിക്കുന്നതിലുമെല്ലാം 100 ശതമാനം നേരിട്ടുള്ള വിദേശനിക്ഷേപം അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

## ഇന്ത്യ ചെയ്യേണ്ടത്

- ക്രോസ്സ്-കൺട്രി പ്രകൃതിവാതക ശൃംഖലകൾ സ്ഥാപിക്കണം.
- പ്രകൃതിവാതക നിർമ്മാണവും സംഭരണവും വിതരണവുമായി ബന്ധപ്പെട്ട അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കണം.

- ഊർജ്ജവുമായി ബന്ധപ്പെട്ട വിവിധ മന്ത്രാലയങ്ങളുടെ പരസ്പര സഹകരണവും കൂട്ടായ പ്രവർത്തനവും ഉറപ്പുവരുത്തണം.

## ഇന്ത്യൻ പ്രധാനമന്ത്രി നരേന്ദ്രമോദിയും ഓസ്ട്രേലിയൻ പ്രധാനമന്ത്രി സ്കോട് മോറിസണും തമ്മിൽ നടന്ന വെർച്വൽ കൂടിക്കാഴ്ചയിലെ പ്രധാന തീരുമാനങ്ങൾ

- റഷ്യ - ഉക്രൈൻ യുദ്ധത്തിന് ശേഷം നടക്കുന്ന, ഇരു രാജ്യങ്ങളും തമ്മിലുള്ള ആദ്യത്തെ കൂടികാഴ്ചയാണിത്.
- ഉക്രൈനിൽ സംഭവിച്ചതുപോലെയുള്ള സംഭവ വികാസങ്ങൾ ഇൻഡോ- പസിഫിക് മേഖലയിൽ നടക്കാൻ പാടില്ലെന്ന് ഓസ്ട്രേലിയൻ പ്രധാന മന്ത്രി പറഞ്ഞു.
- ഇന്ത്യയിലെ ഖാനിജ്- ബിദേശ് ഇന്ത്യ ലിമിറ്റഡും ഓസ്ട്രേലിയയുടെ ക്രിട്ടിക്കൽ മിനറൽ ഫെസിലിറ്റേഷൻ ഓഫീസും തമ്മിൽ ഓസ് ട്രേലിയയിലെ ലിഥിയം നിക്ഷേപങ്ങൾ വികസപ്പിക്കുന്നതിനുള്ള ധാരണാപത്രം ഒപ്പുവെച്ചു.
- ഇരു രാജ്യങ്ങളും തമ്മിലുണ്ടാകേണ്ട കോമ്പ്രെഹെൻസീവ് ഇക്കണോമിക് കോപ്പറേഷൻ കരാറിന്റെ പ്രാധാന്യം നരേന്ദ്ര മോഡി ചൂണ്ടിക്കാണിച്ചു.

ACHARYA An influential mentor

### ഇന്ത്യ-ഓസ്ട്രേലിയ ബന്ധം

- 1941 ൽ തന്നെ ഓസ്ട്രേലിയയിൽ ഒരു വ്യാപാര ഓഫീസ് ഇന്ത്യ സ്ഥാപിച്ചിരുന്നു. സ്വാതന്ത്ര്യത്തിനു ശേഷവും ഇരു രാജ്യങ്ങളും തമ്മിലുള്ള നയതന്ത്ര ബന്ധം തുടർന്നു.
- 2009 ൽ ഇരു രാജ്യങ്ങളും തമ്മിൽ ഒരു സ്ട്രാറ്റജിക് പാർട്ണർഷിപ് സ്ഥാപിച്ചു. അതിനു ശേഷം ഇരു രാജ്യങ്ങളും തമ്മിലുള്ള ബന്ധം കൂടുതൽ ശക്തമായി.
- ഓസ്ട്രേലിയൻ ജനസംഖ്യയുടെ പകുതിയോളം ഇന്ത്യൻ വംശജരാണ്.
- 2017 ലെ കണക്കു പ്രകാരം ഏകദേശം 60 ,000 നു മുകളിൽ ഇന്ത്യൻ വിദ്യാർത്ഥികൾ ഓസ്ട്രേലിയയിൽ പഠിക്കുന്നുണ്ട്.
- ഓസ്ട്രേലിയയിൽ വേഗത്തിൽ വളരുന്ന ഒരു ഭാഷ പഞ്ചാബിയാണ്.

### സാമ്പത്തിക ബന്ധം.

- ഇന്ത്യയുമായിട്ടുള്ള സാമ്പത്തിക ബന്ധം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി 2018 ൽ "ഇന്ത്യ ഇക്കണോമിക് സ്ട്രാറ്റജി ടു 2035 " എന്ന പേരിൽ ഓസ്ട്രേലിയ ഒരു പേപ്പർ പ്രസിദ്ധീകരിക്കുകയുണ്ടായി.
- ഓസ്ട്രേലിയയുടെ എട്ടാമത്തെ ഏറ്റവും വലിയ വ്യാപാര പങ്കാളിയാണ് ഇന്ത്യ.

- ഓസ്ട്രേലിയയ്ക്കുള്ള ഇന്ത്യയുടെ പ്രധാന കയറ്റുമതി സംസ്കൃത എണ്ണയാണ്.
- ഓസ്ട്രേലിയയിൽ നിന്നും ഇന്ത്യ പ്രധാനമായും ഇറക്കുമതി ചെയ്യുന്നത് കൽക്കരി, പ്രകൃതിക്കു വാതകം തുടങ്ങിയവയാണ്.
- 2014 ൽ ഇരു രാജ്യങ്ങളും തമ്മിലുണ്ടാക്കിയ കരാർ പ്രകാരം 2017 മുതൽ ഓസ്ട്രേലിയ ഇന്ത്യയ്ക്ക് യുറേനിയം വിതരണം ചെയ്യുന്നുണ്ട്. ആണവ നിർവ്യാപനകരാറിൽ ഒപ്പുവെയ്ക്കാത്ത രാജ്യമായിട്ടും ഓസ്ട്രേലിയ ഇന്ത്യയ്ക്ക് യുറേനിയം നൽകാൻ തയ്യാറായി.
- ഇന്ത്യയും ഫ്രാൻസും നേതൃത്ത്വം നൽകുന്ന ഇന്റർനാഷണൽ സോളാർ അലയൻസിൽ അംഗമാകാനുള്ള കരാർ 2017 ൽ ഓസ്ട്രേലിയ ഒപ്പുവെച്ചു.

## തന്ത്രപ്രധാനവും പ്രധിരോധപരവുമായ സഹകരണം.

- ഇരു രാജ്യങ്ങളും ‘ക്വാഡ്’ കൂട്ടായ്മയിലെ അംഗങ്ങളാണ്.
- 2014 ൽ ഇരു രാജ്യങ്ങളും തമ്മിലുള്ള പ്രധിരോധ സഹകരണം കൂടുതൽ മേഖലകളിലേക്ക് വ്യാപിപ്പിക്കാൻ തീരുമാനിച്ചു. അതിന്റെ ഭാഗമായി പ്രധിരോധ മേഖലയിലെ ഗവേഷണം, വ്യവസായം എന്നിവയും സഹകരണത്തിന്റെ ഭാഗമായി. കൂടാതെ ഇരു രാജ്യങ്ങളുടെയും പ്രധിരോധ മന്ത്രിമാരുടെ സ്ഥിരമായ യോഗം സംഘടിപ്പിക്കാൻ തീരുമാനിച്ചു.

ACHARYA

# രാജ്യത്തെ തൊഴിലില്ലായ്മയുടെ സങ്കീർണതകൾ

ഈയിടെ നടന്ന പല പഠനങ്ങളും രാജ്യത്തെ വലിയ തോതിലുള്ള തൊഴിലില്ലായ്മ ചൂണ്ടിക്കാണിക്കുന്നതാണ്. രണ്ട് വർഷം മുൻപ് കോവിഡ് മഹാമാരിയെ തുടർന്ന് രാജ്യം അടച്ചിടലിലേക്ക് പ്രവേശിക്കുന്നതിന് മുൻപേ തൊഴിലില്ലായ്മ വലിയ പ്രശ്നമായി മാറിയിരുന്നു. തുടർന്നുണ്ടായ അടച്ചിടൽ പ്രശ്നം കൂടുതൽ വഷളാക്കുകയും ചെയ്തു.

## രാജ്യത്തെ തൊഴിലില്ലായ്മയുമായി ബന്ധപ്പെട്ട ചില വിവരങ്ങൾ

- നാഷണൽ സാമ്പിൾ സർവേ ഓഫിസിന്റെ കണക്കുകൾ പ്രകാരം 2017-18 ൽ രാജ്യത്തെ തൊഴിലില്ലായ്മ നിരക്ക് 6.1% എന്ന കഴിഞ്ഞ നാലു പതിറ്റാണ്ടിനിടെയുള്ള ഏറ്റവും ഉയർന്ന നിലയിലായി.
- 'സെന്റർ ഫോർ മോണിറ്ററിങ് ഇന്ത്യൻ ഇക്കോണമി'യുടെ കണക്കുകൾ പ്രകാരം 2021 ഡിസംബറിൽ രാജ്യത്തെ തൊഴിലില്ലാത്തവരുടെ എണ്ണം 53 മില്യൺ ആയിരുന്നു. അതിൽ ഭൂരിഭാഗവും സ്ത്രീകൾ ആണെന്നും റിപ്പോർട്ട് പറയുന്നു.

- 2021 ലെ തൊഴിലില്ലായ്മ നിരക്ക് 7.91 % എന്ന നിലയിലേക്ക് ഉയരുകയും ചെയ്തു.
- 2022 ജനുവരിയിൽ തൊഴിലില്ലായ്മ നിരക്കിൽ കുറവ് പ്രകടമായെങ്കിലും അത് 6.57% എന്ന ഉയർന്ന നിലയിൽത്തന്നെ തുടരുകയാണ്.

## രാജ്യത്തെ തൊഴിലില്ലായ്മ പ്രശ്നത്തിൽ പ്രകടമാകുന്ന ചില സങ്കീർണതകൾ

- ഔപചാരിക മേഖലയിൽ തൊഴിൽ ഉടമക്ക് തൊഴിലാളികളുടെമേൽ ഉണ്ടായിരുന്ന നിയമപരമായ ബാധ്യതകൾ പലതും സർക്കാർ ലഘൂകരിച്ചതോടെ തൊഴിൽനൈപുണ്യം നേടിയവർക്കിടയിൽ പീരിയോഡിക് ആയുള്ള തൊഴിലില്ലായ്മ വർദ്ധിക്കാൻ തുടങ്ങി. ഇത് ആവശ്യത്തിലും കൂടുതൽ യോഗ്യത നേടിയവർ സർക്കാർ ജോലിയിലെ കുറഞ്ഞ യോഗ്യത മാത്രം ആവശ്യമുള്ള ജോലിക്കായി ശ്രമിക്കാൻ ഇടവരുത്തി. ഇത് അത്തരം ജോലിക്ക് ആവശ്യമുള്ള കുറഞ്ഞ യോഗ്യത ഉള്ളവർ തങ്ങളേക്കാൾ ഉയർന്ന യോഗ്യതയുള്ളവരുമായി മത്സരിക്കേണ്ടതായ സാഹചര്യത്തിലേക്ക് നയിച്ചു.
- പല സർക്കാർ പോസ്റ്റുകളും പുറംകരാറുകൾക്ക് വിടുകയുംകൂടി ചെയ്തതോടെ സർക്കാർ ജോലിക്കായുള്ള മത്സരം കൂടുതൽ ശക്തമായ സാഹചര്യം ഉണ്ടാക്കി.
- ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയ മേഖലയിലുള്ള സർക്കാരിന്റെ ചെലവിടൽ കുറഞ്ഞുനിൽക്കുന്നതും തൊഴിൽസൃഷ്ടിക്ക് തടസ്സമായി നിൽക്കുന്നു.

ACHARYA
An influential mentor

# GS 3

# എൽ.പി.ജി. കണക്ഷനുകളും വായുമലിനീകരണവും. ഇന്ത്യൻ എക്സ്പ്രസ്സ് പത്രത്തിലെ ലേഖനത്തെ അടിസ്ഥാനമാക്കിയ നോട്ട്

രാജ്യത്തെ വീടുകൾക്കകത്തുള്ള വായുമലിനീകരണം കുറക്കുന്നതിനായാണ് എല്ലാ വീടുകളിലും എൽ.പി.ജി. കണക്ഷൻ ലഭ്യമാക്കാൻ സർക്കാർ തീരുമാനിച്ചത്. രാജ്യത്തെ എല്ലാ വീടുകളിലും എൽ.പി.ജി കണക്ഷൻ ലഭ്യമാക്കുന്നതിനായി ഏകദേശം 12000 കോടിയിലധികം രൂപ ചെലവിട്ടിട്ടും ഓരോ വർഷവും ഏകദേശം 6 ലക്ഷത്തിലധികം ആളുകളുടെ മരണത്തിന് വീടിനകത്തുള്ള വായുമലിനീകരണം കാരണമാകുന്നുണ്ട് എന്നാണ് കണക്കുകൾ പറയുന്നത്.

## ഇത് എന്തുകൊണ്ട് സംഭവിക്കുന്നു?

കേവലം എൽ.പി.ജി കണക്ഷനുകൾ ലഭ്യമാക്കിയതുകൊണ്ടുമാത്രം പ്രശ്നപരിഹാരമാകുന്നില്ലെന്ന് കണക്കുകൾ ചൂണ്ടിക്കാണിക്കുന്നു. പാചക-ഇന്ധന ഉപയോഗത്തിൽ ആളുകളുടെ മനോഭാവം മാറ്റാനാവശ്യമായ ഇടപെടലുകളും എൽ.പി.ജി. താങ്ങാനാവുന്ന വിലക്ക് ലഭ്യമാക്കേണ്ടതും ആവശ്യമാണ്.

കോവിഡ് ഉണ്ടാക്കിയ സാമ്പത്തിക പ്രതിസന്ധിയും വിലക്കയറ്റവും പരമ്പരാഗതമായി ഉപയോഗിച്ച് വരുന്ന വിറകുപോലുള്ള ഇന്ധനത്തിൽ നിന്നും എൽ.പി.ജി'യിലേക്ക് മാറാൻ ജനങ്ങളെ വിമുഖരാക്കുന്നു.

## പരിഹാരങ്ങൾ

- എൽ.പി.ജി കണക്ഷനുകൾ താങ്ങാവുന്ന വിലക്ക് ലഭ്യമാക്കാൻ സർക്കാരിന്റെ നിക്ഷേപം വർദ്ധിക്കുക.
- ജൈവ-ഇന്ധനം പ്രോത്സാഹിപ്പിക്കുക. ബയോഗ്യാസ് ഉപഭോഗം വർദ്ധിപ്പിക്കാനായി വർഷങ്ങളായി സർക്കാർ ശ്രമിക്കുമ്പോഴും അതിന്റെ ഫലം കാണുന്നില്ല. ബയോഗ്യാസ് പദ്ധതികൾക്കായുള്ള സർക്കാരിന്റെ ചെലവിടൽ വർദ്ധിപ്പിക്കുക.
- എൽ.പി.ജി സബ്സിഡി തുടരുകയും അത് കൂടുതൽ യുക്തമാക്കുകയും ചെയ്യുക.

ACHARYA

## സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായമേഖലയിൽ നിന്നുള്ള നിഷ്ക്രിയ ആസ്തി വർദ്ധിക്കുന്നു. 'ഇന്ത്യൻ എക്സ്പ്രസ്സ്' പത്രത്തിലെ ലേഖനത്തെ അടിസ്ഥാനമാക്കിയ നോട്ട്

മഹാമാരിയെ തുടർന്നുണ്ടായ അടച്ചിടൽ വളരെ കൂടുതലായി ബാധിച്ച മേഖലയാണ് സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായമേഖല. ആയിരക്കണക്കിന് ഇത്തരം വ്യവസായ സ്ഥാപനങ്ങളാണ് മഹാമാരിയെ തുടർന്ന് അടച്ചുപൂട്ടേണ്ടിവന്നത്. ഇത്തരം വ്യവസായസ്ഥാപനങ്ങൾക്ക് ഈട് -രഹിത വായ്പ നൽകുന്ന 'എമർജൻസി ക്രെഡിറ്റ് ലൈൻ ഗ്യാരണ്ടീ പദ്ധതി ഉൾപ്പെടെ നിരവധി പദ്ധതികൾ ഈ വ്യവസായമേഖലയുടെ രക്ഷക്കായി സർക്കാർ ഈ കാലയളവിൽ കൊണ്ടുവരികയും ചെയ്തു. എന്നാൽ ഇത്തരം ശ്രമങ്ങളൊന്നും ഈ മേഖലയെ മഹാമാരി ഉണ്ടാക്കിയ ആഘാതത്തിൽ നിന്നും കരകയറ്റാൻ പര്യാപ്തമായില്ല എന്നതാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായമേഖലയിൽ നിന്നുള്ള നിഷ്ക്രിയ ആസ്തി വർധിച്ചു എന്നാണ് റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യ പറയുന്നത്.

## സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായമേഖലയിൽ നിന്നുള്ള നിഷ്ക്രിയ ആസ്തിയുമായി ബന്ധപ്പെട്ട ചില കണക്കുകൾ:

- സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസ്യമേഖലയിൽ നിന്നുള്ള നിഷ്ക്രിയ ആസ്തി 2020 സെപ്റ്റംബർ മാസം വരെ 1,45,673 കോടി രൂപ ആയിരുന്നത് 2021 സെപ്റ്റംബർ മാസം ആയപ്പോൾ 1,65,732 കോടി രൂപയായി വർധിച്ചു.
- ഈ മേഖലയുടെ കിട്ടാക്കടം 2019 ൽ നിന്നും 2020 ആയപ്പോൾ കുറഞ്ഞെങ്കിലും 2021 മുതൽ അത് വർധിക്കുന്നതായാണ് കാണിക്കുന്നത്.
- ഈ മേഖലയിൽ നിന്നുള്ള മൊത്തം നിഷ്ക്രിയ ആസ്തിയുടെ ഭൂരിഭാഗം ഭാരവും വഹിക്കുന്നത് പൊതുമേഖലാ ബാങ്കുകളാണ്.

# റഷ്യ-യുക്രൈൻ യുദ്ധവും ഇന്ത്യൻ കർഷകരും, 'ഇന്ത്യൻ എക്സ്പ്രസ്സ്' പത്രത്തിലെ ലേഖനത്തെ അടിസ്ഥാനമാക്കിയ നോട്ട്

ഇന്ത്യയിൽ റാബി വിളകളുടെ വിളവെടുപ്പ് ആരംഭിക്കുന്ന സമയത്താണ് റഷ്യ-യുക്രൈൻ യുദ്ധം നടക്കുന്നത്. ഇത് ഇന്ത്യൻ കർഷകർക്ക് ഒരു തരത്തിൽ ഗുണകരമായി മാറുന്ന സാഹചര്യമാണ്.

## റഷ്യ-യുക്രൈൻ യുദ്ധം ഇന്ത്യൻ കർഷകർക്ക് എങ്ങനെ ഗുണകരമാകുന്നു?

- 2020 -21 വർഷത്തിൽത്തന്നെ ഇന്ത്യയിൽ നിന്നുമുള്ള അരിയുടെ കയറ്റുമതി വർദ്ധിച്ചു വരുന്നുണ്ട്. ഇതിന് പ്രധാനമായ കാരണം തായ് ലൻഡിലെ വരൾച്ച ആയിരുന്നു. എന്നാൽ ഇപ്പോഴത്തെ റഷ്യ-യുക്രയ്ൻ യുദ്ധം അതിനേക്കാൾ കൂടുതൽ ഇന്ത്യൻ കർഷകർക്ക് ഗുണകരമായി മാറുന്ന സാഹചര്യമാണ്. യു.എസ് ഡിപ്പാർട്മെന്റ് ഓഫ് അഗ്രികൾച്ചറിന്റെ റിപ്പോർട്ട് പ്രകാരം ലോകത്തിലെ മൊത്തം ഗോതമ്പ് കയറ്റുമതിയുടെ 28.3 ശതമാനം സംഭാവന ചെയ്യുന്നത് റഷ്യയും യുക്രൈനും ചേർന്നാണ്. കൂടാതെ ബാർലി കയറ്റുമതിയുടെ 30 ശതമാനവും സൺഫ്ളവർ ഓയിൽ കയറ്റുമതിയുടെ 78.3 ശതമാനവും സംഭാവന ചെയ്യുന്നതും റഷ്യയും യുക്രൈനും ചേർന്നാണ്.
- റഷ്യ-യുക്രൈൻ യുദ്ധം ആരംഭിച്ചതോടെ കരിങ്കടൽ (ബ്ലാക് സീ) വഴിയുള്ള റഷ്യയുടെ ചരക്ക് കടത്ത് തടസ്സപ്പെടുകയും റഷ്യയിൽ നിന്നുമുള്ള ഇത്തരം കാർഷിക വിളകളുടെ വരവ് കുറയുകയും ചെയ്യു.

ഇത് ഇന്ത്യൻ കർഷകർക്ക് ഗുണകരമായി മാറും. അന്താരാഷ്ട്ര വിപണിയിൽ ഇത്തരം വിളകളുടെ ലഭ്യതക്കുറവ് ഇന്ത്യൻ കർഷകർക്ക് അവസരമാക്കിമാറ്റാം.

- 2021-22 വർഷത്തിൽ (ഏപ്രിൽ-ജനുവരി) 6 മില്യൺ ടൺ ഗോതമ്പ് ഇന്ത്യ കയറ്റി അയച്ചിട്ടുണ്ട്. ഈ വർഷത്തെ കയറ്റുമതി 7 മില്യൺ ടണ്ണിൽ അധികമാകുമെന്നാണ് കണക്കുകൂട്ടുന്നത്. ഇപ്പോഴത്തെ സാഹചര്യത്തിൽ അന്താരാഷ്ട്ര വിപണിയിൽ ഉയർന്ന വിലയും ലഭ്യമാകും.
- അരിയുടെ കയറ്റുമതിയിലും ഈ വർഷം വലിയ വർദ്ധനവ് കാണിക്കുന്നുണ്ട്.
- നിലവിൽ വിളവെടുപ്പ് നടക്കുന്ന റാബി വിളകളുടെ വില സർക്കാർ പ്രഖ്യാപിച്ച കുറഞ്ഞ താങ്ങുവിലയേക്കാൾ അധികമായി നിൽക്കുന്നതുകൊണ്ടുതന്നെ സർക്കാരിന്റെ സംഭരണച്ചെലവ് കുറക്കാം.
- കൂടുതൽ വില ലഭ്യമാകുന്ന സാഹചര്യം വന്നതോടെ പല കർഷകരും ചോളം, സോയാബീൻ സൺഫ്ലവർ തുടങ്ങിയവയുടെ കൃഷി കൂടുതലായി ചെയ്യാൻ തുടങ്ങി. ഇത് രാജ്യത്തിന്റെവിള-വൈവിധ്യവത്കരണത്തെ സഹായിക്കും.

## പ്രശ്നങ്ങൾ

- കയറ്റുമതിയുടെ ആവശ്യകത വർദ്ധിച്ചതോടെ രാജ്യത്തെ ഉത്പാദകർ പരമാവധി തങ്ങളുടെ ഉല്പാദനം കയറ്റി അയക്കാൻ മത്സരിക്കുന്ന സാഹചര്യം ഉണ്ടാകും. ഇത് വലിയതോതിൽ ലോജിസ്റ്റിക് പ്രശ്നങ്ങൾ സൃഷ്ടിച്ചേക്കാം.
- സർക്കാരിന്റെ സംഭരണം കുറയുന്നത് പൊതുവിതരണ സംമ്പ്രദായത്തെ ബാധിച്ചേക്കാം.
- വളങ്ങളുടെ ആവശ്യകത വർധിക്കുന്നതോടെ അവയുടെ ലഭ്യത കുറയുകയും വലിയതോതിൽ വില ഉയരാൻ ഇടയാക്കുകയും ചെയ്തേക്കാം.

ACHARYA
An influential mentor

# സൗരോർജ്ജത്തിനപ്പുറം ഇന്ത്യ ലക്ഷ്യം വെക്കേണ്ടതുണ്ട്. ' ബിസിനസ്സ് ലൈൻ പത്രത്തിലെ ലേഖനത്തെ അടിസ്ഥാനമാക്കിയ നോട്ട്'

ഇന്റർ ഗവണ്മെന്റല് പാനൽ ഓൺ ക്ലൈമറ്റ് ചേഞ്ച്'ന്റെ പുതിയ റിപ്പോർട്ട് പ്രകാരം കാലാവസ്ഥാവ്യതിയാനം ഏറ്റവും കൂടുതൽ ബാധിക്കുന്ന രാജ്യങ്ങളിൽ ഒന്നാണ് ഇന്ത്യ. അതുകൊണ്ടുതന്നെ അടിയന്തരമായ നടപടികൾ ആവശ്യമാണെന്ന് ഈ റിപ്പോർട്ട് ചൂണ്ടിക്കാണിക്കുന്നു.

2030 ആകുമ്പോഴേക്കും ഫോസിൽ-ഇതര ഇന്ധനങ്ങളിൽ ഇന്നും 500 ജിഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കാനുള്ള ശേഷി കൈവരിക്കും എന്നത് ഇന്ത്യയുടെ പ്രഖ്യാപിത ലക്ഷ്യമാണ്. നിലവിൽ ഇന്ത്യയുടെ ഫോസിൽ-ഇതര വൈദ്യുതി നിർമ്മാണ ശേഷി എന്നത് 152 ജിഗാവാട്ട് ആണ്. 8 വർഷംകൊണ്ട് ഇത് മൂന്നിരട്ടി ആയി ഉയർത്തണമെങ്കിൽ സൗരോർജ്ജത്തിനപ്പുറം ജലവൈദ്യുതിയിലും ആണവ-വൈദ്യുതിയിലും കാറ്റിൽ നിന്നുള്ള ഊർജ്ജ നിർമ്മാണത്തിലും കൂടുതൽ ശ്രദ്ധ കൊടുക്കേണ്ടത് ആവശ്യമായി വരും.

## കാറ്റിൽ നിന്നുള്ള വൈദ്യുതി നിർമ്മാണം

കാറ്റിൽ നിന്നുള്ള വൈദ്യുതി ഉല്പാദനം ഈ ഘട്ടത്തിൽ കൂടുതൽ ശ്രദ്ധ കൊടുക്കേണ്ട ഒന്നാണ്. 700 ജിഗാവാട്ടിന്റെ ശേഷി കാറ്റിൽ നിന്നുള്ള വൈദ്യുതി ഉല്പാദനത്തിന് രാജ്യത്തിനുണ്ട്. പക്ഷെ ഓരോ വർഷവും കേവലം 3 ജിഗാവാട്ട് പോലും ഉല്പാദിപ്പിക്കാൻ സാധിക്കാത്ത സാഹചര്യമാണ്. സ്ഥലമേറ്റെടുപ്പും പരിസ്ഥിതിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ കാരണം സംസ്ഥാനങ്ങൾക്ക് സ്ഥലം ഏറ്റെടുത്തു നല്കാൻ സാധിക്കാത്തതാണ് ഇവിടെ പ്രധാന പ്രശ്നം.

## ജലവൈദ്യുതി നിർമ്മാണം

45 ജിഗാവാട്ട് വരെ ശേഷിയുള്ള ജലവൈദ്യുതി നിലയങ്ങൾ രാജ്യത്ത് സ്ഥാപിക്കാനാകും. എന്നാൽ പ്രധാനമായും പരിസ്ഥിതിയുമായി ബന്ധപ്പെട്ട വിഷയങ്ങളും പുനരധിവാസവുമായി ബന്ധപ്പെട്ട വിഷയങ്ങളും ഇവിടെ തടസ്സമായി മാറുകയാണ്. നാഷണൽ രെജിസ്റ്റർ ഓഫ് ലാർജ് ഡാ'മിന്റെ കണക്കുകൾ പ്രകാരം 1971 നും 1991 നും ഇടയിൽ 1,592 വലിയ ഡാമുകൾ രാജ്യത്ത് നിർമ്മിച്ചിട്ടുണ്ട്. എന്നാൽ ഇത് കാരണം പ്രകൃതിക്ക് ഗൗരവമേറിയ പ്രശ്നങ്ങൾ ഉണ്ടായതായി തെളിവുകൾ ഇല്ല.

## ആണവോർജ്ജം

ആണവ ഇന്ധനത്തിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കാനുള്ള രാജ്യത്തിൻറെനിലവിലെ ശേഷി എന്നത് 6780 മെഗാവാട്ട് ആണ്. ഇവിടെ പ്രധാന പ്രശ്നമായി മാറുന്നത് 'ലിയബിലിറ്റി ക്ളോസുകൾ' ആണ്.

# ഡി-ഡോളറിസേഷൻ

## എന്താണ് ഡി-ഡോളറിസേഷൻ?

അന്താരാഷ്ട്ര വ്യാപാരങ്ങൾക്കും മറ്റു അന്താരാഷ്ട്ര തലത്തിലുള്ള ഇടപെടലുകൾക്കും ഒപ്പം സ്വന്തം ഫോറിൻ എക്സ്ചേഞ്ച് റിസർവിനും ഡോളറിനെ ആശ്രയിക്കുന്നത് കുറച്ചുവരുന്നതിനെയാണ് ഡി-ഡോളറിസേഷൻ എന്ന് പറയുന്നത്.

## എന്തുകൊണ്ട് ഡി-ഡോളറിസേഷൻ ആവശ്യമാണ്.

അന്താരാഷ്ട്ര തലത്തിലുള്ള സാമ്പത്തിക ഇടപാടുകൾ വലിയതോതിൽ അമേരിക്കൻ ഡോളറിൽ നടക്കുന്നത് രാജ്യങ്ങൾക്ക് ജിയോ-പൊളിറ്റിക്കൽ റിസ്ക് വർദ്ധിപ്പിക്കുന്ന സാഹചര്യമാണ് ഇപ്പോൾ നിലവിലുള്ളത്.

ലോകത്തിലെ ഭൂരിഭാഗം രാജ്യങ്ങളും അവരുടെ റിസേർവ്ഡ് കറൻസി ഡോളറിൽ ആണ് ശേഖരിക്കുന്നത്. ലോകത്തിലെ 60 ശതമാനം രാജ്യങ്ങളുടെയും ഫോറിൻ എക്സ്ചേഞ്ച് റിസർവ്വ് അമേരിക്കൻ ഡോളർ രൂപത്തിൽ ആണ്. അതുപോലെ ആഗോള വ്യാപാരത്തിന്റെ 70 ശതമാനവും നടക്കുന്നത് അമേരിക്കൻ ഡോളറിൽ ആണ്. ഇതെല്ലം അമേരിക്കൻ ഡോളറിനെ ഒരു ആയുധമായി ഉപയോഗിക്കപ്പെടാനുള്ള സാധ്യത വർധിപ്പിക്കുകയാണ്.

## പകരം സംവീധാനം

ഈ സാഹചര്യത്തിൽ പല രാജ്യങ്ങളും 'ഡി-ഡോളറിസേഷൻ' ആരംഭിച്ചു കഴിഞ്ഞു. 2014ൽ ക്രിമിയയിൽ അധിനിവേശം നടത്തിയതിനെ തുടർന്ന് റഷ്യക്ക് മേൽ ഉപരോധം പ്രഖ്യാപിക്കപ്പെട്ടതുമുതൽ തന്നെ റഷ്യ ഡി-ഡോളറിസേഷൻ ആരംഭിച്ചിട്ടുണ്ട്. റഷ്യയിലെ ഡോളർ-ഡിനോമിനേറ്റഡ് ആയ ഓഹരികൾ 2021ൽ 16 ശതമാനത്തിലേക്ക് കുറക്കുകയുണ്ടായി. തങ്ങളുടെ അന്താരാഷ്ട്ര വ്യാപാരം ഡോളറിനെ ആശ്രയിക്കുന്നത് കുറച്ചുവരികയാണെന്ന് റഷ്യ പ്രഖ്യാപിച്ചിട്ടുണ്ട്. ബ്രിക്സ് രാജ്യങ്ങളിലേക്ക് റഷ്യയുടെ ഡോളറിൽ ഉള്ള കയറ്റുമതി 2013 ൽ 95 ശതമാനം ആയിരുന്നെങ്കിൽ 2020 ൽ അത് 10 ശതമാനത്തിൽ താഴെയായി കുറഞ്ഞിരിക്കുകയാണ്.

ചൈനയും ഇത്തരത്തിൽ അന്താരാഷ്ട്ര വ്യാപാരം ഉൾപ്പെടെയുള്ള ഇടപാടുകൾക്ക് അമേരിക്കൻ ഡോളറിനെ ആശ്രയിക്കുന്നത് കുറച്ചു വരികയാണ്. അന്താരാഷ്ട്ര ധനകാര്യ ഇടപാടുകൾക്കായി എസ്.ഡബ്ല്യു.ഐ.എഫ്.ടി. (SWIFT) നെ മറികടക്കാൻ റഷ്യയും ചൈനയും സംയുക്തമായി പേയ്മെന്റ് സംവിധാനം രൂപീകരിച്ചുകൊണ്ടിരിക്കുകയാണ്. നിലവിലെ സാഹചര്യത്തിൽ ഇന്ത്യയും അമേരിക്കൻ ഡോളറിനും ഡോളറിന്റെ ആശ്രയിക്കുന്ന മറ്റു അന്താരാഷ്ട്ര സംവീധാനങ്ങൾക്കും പകരം സംവിധാനം കണ്ടെത്താൻ ശ്രമിക്കേണ്ടതാണ്.

ACHARYA
An Influential mentor

# റഷ്യയുടെ യുക്രൈൻ അധിനിവേശവും റഷ്യക്കെതിരെയുള്ള ഉപരോധവും, 'ദി ഹിന്ദു' ലേഖനത്തെ അടിസ്ഥാനമാക്കിയ നോട്ട്

യുക്രൈനുമേലുള്ള അധിനിവേശത്തെ തുടർന്ന് അമേരിക്കയും കാനഡയും യൂറോപ്യൻ യൂണിയനും റഷ്യക്ക് മേലുള്ള ഉപരോധം ശക്തമാക്കികൊണ്ടിരിക്കുകയാണ്. നിയമാനുസൃതമായ അന്താരാഷ്ട്ര ക്രമത്തിന് വിരുദ്ധവും ഭീഷണി ഉയർത്തുന്നതുമായ നടപടിയായി റഷ്യയുടെ യുക്രൈൻ അധിനിവേശത്തെ കണ്ടുകൊണ്ടാണ് ഈ രാജ്യങ്ങളെല്ലാം റഷ്യക്കെതിരെ ഉപരോധം ശക്തമാക്കുന്നത്. വ്യാപാരനിയന്ത്രണം ആണ് ഉപരോധത്തിന്റെ പ്രധാന ഭാഗം.

## ഉപരോധം ഏർപ്പെടുത്തുന്നത് അന്താരാഷ്ട്ര നിയമങ്ങൾക്കനുസൃതമാണോ?

ഉപരോധത്തിന്റെ ഭാഗമായി കാനഡ റഷ്യക്കുള്ള 'മോസ്റ്റ് ഫെവേർഡ് നേഷൻ' പദവി എടുത്തുകളഞ്ഞു. ഈ പദവി ലോക വ്യാപാര സംഘടനയുടെ നിയമപ്രകാരം നൽകുന്നതാണ്. അമേരിക്കയും ഇത്തരത്തിൽ റഷ്യക്കെതിരെ ശക്തമായ വ്യാപാര നിയന്ത്രണങ്ങൾ ഏർപ്പെടുത്തുകയാണ്.

ACHARYA
An influential mentor

ലോകവ്യാപാരസംഘടനയിൽ അംഗമായ രാജ്യങ്ങൾക്ക് ഇത്തരത്തിൽ മറ്റു അംഗരാജ്യത്തിനെതിരെ വ്യാപാര നിയന്ത്രണങ്ങൾ കൊണ്ടുവരണമെങ്കിൽ അത് 'ഗാട്ട്' കരാറിലെ 21 വകുപ്പ് പ്രകാരം ആയിരിക്കണം. ഈ വകുപ്പ് പ്രകാരം ഒരു രാജ്യത്തിൻറെ 'എസെൻഷ്യൽ സെക്യൂരിറ്റി ഇന്ററസ്റ്റി'ന് അത്യാവശ്യമായി വരുന്ന സാഹചര്യത്തിൽ മാത്രമേ ഇത്തരം നടപടികൾ സ്വീകരിക്കാവൂ. റഷ്യ അന്താരാഷ്ട്ര നിയമങ്ങൾ ലംഘിക്കുന്നു എന്നത് ഈ വകുപ്പ് 21ന്റെ പരിധിയിൽ വരുന്ന ഒന്നല്ല. റഷ്യ അന്താരാഷ്ട്ര നിയമംങ്ങൾ ലംഘിക്കുന്നു എന്നത് അവർക്കെതിരെ വ്യാപാരപരമായ ഉപരോധംകൊണ്ടുവരാൻ തക്കതായ കാരണമല്ല.

റഷ്യ-യുക്രൈൻ യുദ്ധത്തെ അന്താരാഷ്ട്ര തലത്തിലുള്ള 'ആംഡ് കോൺഫ്ലിക്ട്' ആയി ഐക്യരാഷ്ട്ര സഭയുടെ ജനറൽ അസംബ്ളി അംഗീകരിച്ചതാണ്. റഷ്യയുടെ യുക്രൈൻ അധിനിവേശം പല രാജ്യങ്ങളുടെയും 'എസെൻഷ്യൽ സെക്യൂരിറ്റി ഇന്ററസ്റ്റി'നെ ബാധിക്കുന്നതാകാം. അതുകൊണ്ടുതന്നെ അത്തരം രാജ്യങ്ങൾക്ക് വകുപ്പ് 21 പ്രകാരം ഉപരോധം കൊണ്ടുവരാം.

# 'ഉജ്വല' പദ്ധതി വഴി 1.5 ലക്ഷം മരണങ്ങൾ തടയാനായെന്ന് പഠനം; source: Indian Express

പാചക ഇന്ധനം എന്ന നിലക്ക് 'ഉജ്ജ്വല പദ്ധതി' വഴി കൂടുതൽ പാചകവാതക കണക്ഷൻ നൽകാൻ സാധിച്ചത് 2019 ൽ മാത്രം വായുമലിനീകരണവുമായി ബന്ധപ്പെട്ടുള്ള ഏകദേശം 1.5 ലക്ഷം മരണം തടയാനായെന്ന് പഠനം പറയുന്നു.

## എന്താണ് 'ഉജ്ജ്വല' പദ്ധതി?

2016 ൽ ആരംഭിച്ച ഈ പദ്ധതി ലക്ഷ്യം വെക്കുന്നത് പാവപ്പെട്ടവർക്ക് എൽ.പി.ജി. കണക്ഷൻ ലഭ്യമാക്കുക എന്നതാണ്. ഡെപ്പോസിറ്റ് ആവശ്യമില്ലാതെ എൽ.പി.ജി കണക്ഷൻ പദ്ധതി വഴി ലഭ്യമാക്കും.

## പദ്ധതിയുടെ ഉദ്ദേശ്യം

- സ്ത്രീകളുടെ ആരോഗ്യ സംരക്ഷണവും സ്ത്രീശാക്തീകരണവും
- വായുമലിനീകരണം സൃഷ്ട്ടിക്കുന്ന പാചകഇന്ധന ഉപയോഗം കുറച്ചുകൊണ്ട് വായുമലിനീകരണം കാരണം ഉണ്ടാകുന്ന മരണങ്ങൾ കുറക്കുക.
- വീടിനകത്തുള്ള വായുമലിനീകരണം വഴി കുട്ടികൾക്കുണ്ടാകുന്ന ശ്വസനസംബന്ധമായ അസുഖങ്ങൾ കുറക്കുക.
- 2020 ആകുമ്പോഴേക്കും ദാരിദ്ര്യ രേഖക്ക് താഴെ വരുന്ന 50 മില്യൺ വീടുകളിൽ കണക്ഷൻ ലഭ്യമാക്കാനായിരുന്നു പദ്ധതിയുടെ ലക്ഷ്യം. എന്നാൽ 2018 ൽ മറ്റു ഏഴ് വിഭാഗത്തിൽപ്പെട്ടവരെക്കൂടി പദ്ധതിയുടെ ഭാഗമാക്കുകയുണ്ടായി.
- ഉജ്വല 1.0 യുടെ ഭാഗമായി 8 കോടി കണക്ഷനുകൾ ലഭ്യമാക്കി.
- 2021 ൽ ആരംഭിച്ച ഉജ്വല 2.0 10 മില്യൺ അധിക കണക്ഷൻ ലക്ഷ്യം വെക്കുന്നു.

## പുതിയ പഠന റിപ്പോർട്ട്.

- 2019 ൽ മാത്രം വായുമലിനീകരണവുമായി ബന്ധപ്പെട്ടുള്ള ഏകദേശം 1.5 ലക്ഷം മരണങ്ങൾ ഉജ്വല പദ്ധതിക്ക് തടയാനായി.
- 2019 ൽ ഏകദേശം 1.8 മില്യൺ ടൺ പി.എം 2.5 അന്തരീക്ഷത്തിലേക്ക് പുറംതള്ളപ്പെടുന്നത് കുറക്കാൻ പദ്ധതിക്കായി.

ACHARYA An influential mentor

# സാമ്പത്തിക അസമത്വത്തിൽ കുറവ്

കോവിഡ് മഹാമാരി രാജ്യത്തിൻറെ സമ്പത്ത് വ്യവസ്ഥയെ വലിയരീതിയിൽത്തന്നെ ബാധിക്കുകയുണ്ടായി. അടച്ചിടൽ അവസാനിപ്പിച്ചുതുടങ്ങിയതിന് ശേഷം സമ്പത്ത്വ്യവസ്ഥ വളർച്ചയിലേക്ക് തിരിച്ചുവരുന്നുണ്ടെങ്കിലും മൊത്തഉദ്ഥാദനം ഇപ്പോഴും 2019 നേക്കാൾ 10 ശതമാനത്തിലുമേറെ കുറവാണ്. സമ്പത്ത്വ്യവസ്ഥയിലുണ്ടാകുന്ന ഇത്തരം പ്രശ്നങ്ങൾ എപ്പോഴും പാവപ്പെട്ടവരെ ആയിരിക്കും കൂടുതലായും ബാധിക്കുക. ഇത്തവണയും മഹാമാരിയും തുടർന്നുണ്ടായ അടച്ചിടലും രാജ്യത്തെ ദാരിദ്ര്യം വളർത്തുകതന്നെ ചെയ്തു. ലോകബാങ്കിന്റെ നിർവചനപ്രകാരമുള്ള ദരിദ്രരുടെ എണ്ണം 2019 ൽ 7.6 % ആയിരുന്നത് 2021 ൽ 11.7 ശതമാനമായി ഉയർന്നു. എന്നാൽ രാജ്യത്തെ വരുമാനത്തിന്റെ അടിസ്ഥാനത്തിലുള്ള അന്തരം (സാമ്പത്തിക അസമത്വം) ഈ കാലഘട്ടത്തിൽ കുറഞ്ഞു എന്ന് കണക്കുകൾ സൂചിപ്പിക്കുന്നു.

## രാജ്യത്തെ സാമ്പത്തിക അസമത്വവുമായി ബന്ധപ്പെട്ട ചില കണക്കുകൾ

- 2019 ൽ നിന്നും 2021 ആയപ്പോഴേക്കും രാജ്യത്തെ സാമ്പത്തിക അസമത്വത്തിൽ കുറവുണ്ടായതായി കണക്കുകൾ പറയുന്നു.
- നഗരപ്രദേശങ്ങളിൽ കണക്കുകൾ നോക്കുകയാണെങ്കിൽ 2019 ൽ സാമ്പത്തികാടിസ്ഥാനത്തിൽ ഏറ്റവും ഉയർന്ന നിലയിലുള്ള 25 % വീടുകളിലെ ശരാശരി മാസവരുമാനം 45000 രൂപ ആയിരുന്നു. ഈ കാലഘട്ടത്തിൽ സാമ്പത്തികാടിസ്ഥാനത്തിൽ ഏറ്റവും താഴെ നിൽക്കുന്ന 25 % വരുന്ന വീടുകളിലെ ശരാശരി മാസവരുമാനം 8000 രൂപയും ആയിരുന്നു. 2021 ആയപ്പോഴേക്കും സാമ്പത്തികാടിസ്ഥാനത്തിൽ ഏറ്റവും ഉയർന്ന നിലയിലുള്ള 25 % വീടുകളിലെ ശരാശരി മാസവരുമാനം 30 % കുറഞ്ഞപ്പോൾ സാമ്പത്തികാടിസ്ഥാനത്തിൽ ഏറ്റവും താഴെ നിൽക്കുന്ന 25 % വരുന്ന വീടുകളിലെ ശരാശരി മാസവരുമാനം മഹാമാരിക്ക് മുൻപുണ്ടായിരുന്ന നിലയിൽ തുടരുകയാണുണ്ടായത്. അതായത് രാജ്യത്തിൻറെ സാമ്പത്തിക അസമത്വം 15 -20 ശതമാനം കുറഞ്ഞു എന്നർത്ഥം.

## കാരണങ്ങൾ

മൂന്ന് തരത്തിലാണ് പ്രധാനമായും വരുമാനസ്രോതസ്സുകൾ ഉള്ളത്. അവ സർക്കാർ ആനുകൂല്യങ്ങൾ, ബിസിനസിൽനിന്നുള്ള ലാഭം, കൂലി അഥവാ ശമ്പളം.

ഇതിൽ സർക്കാരിൽ നിന്നുള്ള വരുമാനം സാമ്പത്തിക അസമത്വം കുറക്കാൻ കാര്യമായ പങ്ക് വഹിച്ചിട്ടില്ല.

ACHARYA
An influential mentor

സാമ്പത്തികാടിസ്ഥാനത്തിൽ ഏറ്റവും താഴെ നിൽക്കുന്ന 25 % വീടുകളിൽ 7 % പേർ മാത്രമാണ് ബിസിനസിനെ വരുമാനസ്രോതസായി ആശ്രയിക്കുന്നത്. എന്നാൽ സാമ്പത്തികാടിസ്ഥാനത്തിൽ ഏറ്റവും ഉയർന്ന നിലയിലുള്ള 25 % വീടുകളിൽ 15 ശതമാനത്തോളം വീടുകളും വരുമാനസ്രോതസായി ബിസിനസിനെയാണ് ആശ്രയിക്കുന്നത്. അതുകൊണ്ടുതന്നെ ബിസിനസിൽ ഉണ്ടായ തകർച്ച കൂടുതൽ ഉയർന്നവരുമാനമുള്ളവരെ ബാധിച്ചു.

സാമ്പത്തികമായി ഏറ്റവും ഉയർന്ന നിലയിലുള്ള 25% വീടുകളിൽ 65 % വീടുകൾ കൂലി അഥവാ ശമ്പളം വരുമാനസ്രോതസ്സായി കാണുന്നവരാണ്. എന്നാൽ സാമ്പത്തികമായി ഏറ്റവും താഴെ നിൽക്കുന്ന 25 % വീടുകളിൽ 80 % വീടുകൾ കൂലി അഥവാ ശമ്പളം വരുമാനസ്രോതസായി കാണുന്നവരാണ്. ഇതിൽ സാമ്പത്തികമായി ഏറ്റവും ഉയർന്ന നിലയിലുള്ള 25% വീടുകൾ കൂടുതലായും ആശ്രയിക്കുന്നത് സേവനമേഖലയെ ആണ്. സാമ്പത്തികപ്രതിസന്ധി മറ്റുമേഖലയെക്കാൾ കൂടുതൽ ആവശ്യകത കുറച്ചത് സേവനങ്ങൾക്കായിരുന്നു.

## കയറ്റുമതി റെക്കോർഡ് ഉയർച്ചയിൽ

2022 സാമ്പത്തിക വർഷത്തിൽ ഇന്ത്യയുടെ സേവന-ഇതര കയറ്റുമതിമൂല്യം 400 ബില്യൺ അമേരിക്കൻ ഡോളർ കവിഞ്ഞു. ഇത് രാജ്യത്തിൻറെ കയറ്റുമതി ചരിത്രത്തിലെ സർവ്വകാല റെക്കോർഡ് ആണ്.

### ഉയർന്ന കയറ്റുമതിയിലേക്ക് നയിച്ച പ്രധാന ഘടകങ്ങൾ

- ലോക രാജ്യങ്ങൾ മഹാമാരി ഉണ്ടാക്കിയ സാമ്പത്തിക പ്രതിസന്ധിയിൽ നിന്നും കരകയറുന്ന സാഹചര്യത്തിൽ ഉണ്ടായ ആവശ്യകതയിലെ വർദ്ധനവ്.

- സാമ്പത്തികപ്രതിസന്ധി മറികടക്കാനായി പല രാജ്യങ്ങളും വിപണിയിൽ പണലഭ്യത വർധിപ്പിക്കുന്ന നയങ്ങൾ ആവിഷ്കരിച്ചത് ജനങ്ങൾക്കിടയിൽ ആവശ്യകത വർധിപ്പിക്കാൻ കാരണമായി.

- 'പ്രൊഡക്ഷൻ-ലിങ്ക്ഡ് ഇൻസെന്റീവ് പദ്ധതി പോലുള്ള പദ്ധതികൾ ആഭ്യന്തര ഉല്പാദനം വർദ്ധിക്കാൻ സാഹചര്യമൊരുക്കി.

ACHARYA
An influential mentor

# 'വസുദേവ കുടുംബകം' യാഥാർഥ്യമാക്കുമ്പോൾ - 'ദി ഹിന്ദു' ലേഖനത്തെ അടിസ്ഥാനമാക്കിയ നോട്ട്

കാലാവസ്ഥാവ്യതിയാനം, കോവിഡ് - 19 മഹാമാരി, യുദ്ധം തുടങ്ങിയവ ലോകത്ത് നിരവധിപേരെ പട്ടിണിയിലേക്ക് തള്ളിയിടുന്ന സാഹചര്യമാണ് നിലവിലുള്ളത്. 2014 ൽ 43 മില്യൺ ആളുകളാണ് ലോകത്ത് രൂക്ഷമായ പട്ടിണി നേരിട്ടിരുന്നതെങ്കിൽ 2019 ൽ 650 മില്യൺ ആയി ഈ സംഖ്യ ഉയർന്നു. ഈ സാഹചര്യത്തിൽ ആവശ്യത്തിൽകൂടുതലയും ഭക്ഷ്യധാന്യങ്ങൾ ഉദ് പാദിപ്പിക്കുകയും 'വാസുദേവ കുടുംബകം' എന്ന ഭാരതീയമായ കാഴ്ച്ചപ്പാട് ഉൾക്കൊണ്ടുകൊണ്ട് ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുകയും ചെയ്യുന്ന ഇന്ത്യയുടെ സമീപനം ശ്രദ്ധേയമാണ്.

ഭക്ഷ്യധാന്യങ്ങളുടെ ദൗർലഭ്യതയിൽ നിന്നും ആവശ്യത്തിൽകൂടുതലായി ഭക്ഷ്യധാന്യങ്ങൾ ഉല്പാദിപ്പിക്കുന്ന സാഹചര്യത്തിലേക്കുള്ള ഇന്ത്യയുടെ യാത്ര മറ്റു വികസ്വര രാജ്യങ്ങൾക്ക് മാതൃകാപരമാണ്.

ACHARYA
An influential mentor

2020 ൽ 300 മില്യൺ ടൺ ഭക്ഷ്യധാന്യങ്ങളാണ് ഇന്ത്യ ഉല്പാദിപ്പിച്ചത്. കഴിഞ്ഞ കുറച്ചു വര്ഷങ്ങളായി രാജ്യത്ത് റെക്കോർഡ് വിളവെടുപ്പാണ് നടന്നുകൊണ്ടിരിക്കുന്നത്. 2021 ൽ 20 മില്യൺ ടൺ അരിയും ഗോതമ്പും ഇന്ത്യ കയറ്റി അയക്കുകയുണ്ടായി.

## ആഗോള തലത്തിലുള്ള പട്ടിണി മാറ്റാൻ ഇന്ത്യയുടെ ഭാഗത്തുനിന്നുള്ള ശ്രമം

- 'വാസുദേവ കുടുംബകം' എന്ന ഭാരതീയമായ കാഴ്ച്ചപ്പാട് ഉൾക്കൊണ്ടുകൊണ്ട് ആഗോള തലത്തിലുള്ള പട്ടിണി മാറ്റുന്നതിനും ഇന്ത്യ ഇന്ന് കാര്യമായ പങ്കു വഹിക്കുകയാണ്. 'വേൾഡ് ഫുഡ് പ്രോഗ്രാമി'ലേക്ക് വലിയ രീതിയിൽ സംഭാവന ചെയ്യുന്ന രാജ്യമാണ് ഇന്ന് ഇന്ത്യ.

- ആഗോള തലത്തിൽ പട്ടിണി പരിഹരിക്കാനുള്ള ഇന്ത്യയുടെ ശ്രമത്തിന് ഉദാഹരണമാണ് അഫ്ഗാനിസ്ഥാന് നൽകുന്ന സഹായം. 50000 മെട്രിക് ടൺ ഗോതമ്പ് അഫ്ഗാനിസ്ഥാന് ഇന്ത്യ ഇതുവരെ നൽകിക്കഴിഞ്ഞു.

- കഴിഞ്ഞ രണ്ടു വർഷത്തിനിടെ മഹാമാരി കാരണവും പ്രകൃതി ദുരന്തങ്ങൾ കാരണവും കഷ്ടത അനുഭവിക്കുന്ന പല ആഫ്രിക്കൻ രാജ്യങ്ങൾക്കും പശ്ചിമേഷ്യൻ രാജ്യങ്ങൾക്കും ഇന്ത്യ മാനുഷികസഹായങ്ങൾ നൽകുകയുണ്ടായി.

ACHARYA
An influential mentor